INDIAN SCHOOL SOHAR
PERIODIC TEST III (2017-18)
MALAYALAM

No. of printed pages:3

**DATE:09-01-2018** **MARKS: 80**
**STD:X** **TIME: 3 hours**

General instructions

_ Please check that this question paper contains 3 printed pages.
_ Please check that this question paper contains 4 sections
_ Please write down the Serial Number of the question before attempting it.
_ The Question Paper is divided in to four sections:-

| | |
|---|---|
| Section A: Reading Comprehension | 10 marks |
| Section B: Writing | 16 marks |
| Section C: Grammar | 17 marks |
| Section D: Literature | 37 marks |

## എ വിഭാഗം

1.താഴെതന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (10)

ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രാചീനമായ സംസ്കാരങ്ങൾ നശിച്ചുപോയിട്ടുണ്ട്. എന്നാൽ ഭാരതീയ സംസ്കാരത്തിന് അതുപോലെ ഒരു പതനം സംഭവിച്ചിട്ടില്ല. അത് ഉയർത്തിപ്പിടിച്ച അനശ്വരമൂല്യങ്ങൾക്ക് സാർവ്വത്രികമായ അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്താണതിന് കാരണം? അതിന്റെ പ്രാചീനതയും ഏകീഭാവവും നൈരന്ത്യവും സാർവ്വത്രികതയും ശ്രദ്ധേയം തന്നെ. ഭാരതീയ സംസ്കാരത്തിന്റെ വൈവിധ്യവും സമ്പന്നതയും സുപ്രധാനങ്ങളാണ്. അതേ വൈവിധ്യവും സമ്പന്നതയും കേരളസംസ്കാരത്തിനുമുണ്ട്. അതുകൊണ്ടാണ് യുഗപ്പകർച്ചകളിലൂടെ അതിനു നിലനിൽക്കാനൊത്തത്. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും മനുഷ്യചേതനയ്ക്കുണ്ടായിട്ടുള്ള മഹത്തായ നേട്ടങ്ങളുടെ ആകെ തുകയാണ് സംസ്കാരം. മതം, തത്ത്വചിന്ത, ഭാഷ, സാഹിത്യം, കല, ശില്പവിദ്യ, വിദ്യാഭ്യാസം, സാമ്പത്തികവും സാമൂഹികവുമായ സംവിധാനക്രമങ്ങൾ എന്നിങ്ങനെയുള്ള ഭിന്നമേഖലകളിലെല്ലാം ഒരു ജനത കൈവരിച്ചിട്ടുള്ള കൂട്ടായ നേട്ടങ്ങളുടെ അന്തസ്സാരത്തെയാണ് സംസ്കാരം പ്രതിനിധാനം ചെയ്യുന്നത്. ഈ അളവുകോലു വച്ചു നോക്കുമ്പോൾ കേരളത്തിന്റെ സംസ്കാരം സമുന്നതമാണെന്നു കാണാൻ പ്രയാസമില്ല. ചരിത്രത്തിന്റെ വിഭിന്നഘട്ടങ്ങളിലെല്ലാം കേരളത്തിന്റെ പ്രതിഭ ഊർജ്ജസ്വലമായി പ്രവർത്തിച്ചിട്ടുണ്ട്. തത്ഫലമായി കേരളീയരുടെ പ്രയത്നങ്ങൾക്കെല്ലാം മികവുറ്റ ഫലങ്ങൾ ഉണ്ടായിട്ടുണ്ട്.

ചോദ്യങ്ങൾ

a) ഭാരതീയ സംസ്കാരത്തിന് പതനം സംഭവിക്കാത്തതിന് കാരണമെന്താണ്?
b) സംസ്കാരം പ്രതിനിധാനം ചെയ്യുന്നത് എന്തിനെയെല്ലാമാണ്?
c) കേരള സംസ്കാരത്തിന് യുഗപ്പകർച്ചകലിലൂടെ നിലനിൽക്കാനായത് എന്തുകൊണ്ട്?
d) കേരളീയരുടെ പ്രയത്നങ്ങൾക്കെല്ലാം മികവുറ്റ ഫലങ്ങൾ ഉണ്ടായത് എന്തുകൊണ്ട്?.
e) ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം കണ്ടെത്തുക.

## ബി വിഭാഗം

2.ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ട് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. (8)

a) സാമൂഹ്യമാധ്യമങ്ങളും വിദ്യാർത്ഥികളും
b) ജൈവകൃഷിയുടെ അനിവാര്യത
c) മാതൃഭാഷ ജീവത്ഭാഷ

3.സുരക്ഷിത ജീവിതം പൗരന്റെ ജൻമാവകാശം . ഈ മുദ്രാവാക്യം പ്രാവർത്തികമാക്കാൻ സർക്കാറിന്റെ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആഭ്യന്തരമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക. (8)

## സി വിഭാഗം

4.പ്രയോഗം മാറ്റുക. (2)

a) മണ്ണു മൂടുന്നതിനു മുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പനാൽ ഒരു നോക്കു കാണപ്പെട്ടു.
b) ഞങ്ങൾ അണ്ണാൻ പിറന്നാൾ എന്ന മഹായജ്ഞം നടത്തിയിരുന്നു.

5.അംഗ അംഗി വാക്യങ്ങൾ വേർതിരിക്കുക. (2)

a) ഹോമധൂപം മാവിന്റെ ഉയരത്തിൽ ചെല്ലുമ്പോൾ മാവ് പ്രീതിയോടെ മാങ്ങ പൊഴിച്ച് തരും.
b) പുണ്യവും ത്രൈലോക്യ പ്രസിദ്ധവുമായ സ്യമന്തപഞ്ചകത്തിൽക്കിടന്നു രമിക്കുകയാൽ ഞാൻ ശാശ്വതലോകങ്ങൾ നേടും.

6.വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക (2)

a) ഇന്നു ഞാൻ സർവ്വ പാഞ്ചാലരെയും വാസുദേവൻ കാണെ തന്നെ വധിച്ച് കാലന്നൂർ പൂകിക്കും.
b) ഭാര്യയുടെ സമ്മതത്തോടെ മരണമടഞ്ഞ വാസുദേവന്റെ കണ്ണുകൾ മാത്യുവിന് വെച്ചുകൊടുത്തു.

7.പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. (2)

a) കരിമ്പന
b) നിങ്ങൾ

8.വിഗ്രഹിച്ചെഴുതി സമാസം എഴുതുക (2).

a) അക്ഷന്തവ്യം
b) പടക്കളം

9.പര്യായപദമെഴുതുക (2)

a) കളത്രം
b) നെറ്റി

10.വിപരീതം എഴുതുക (1)

a) ചഞ്ചലം (വിചഞ്ചലം , നിചഞ്ചലം , അചഞ്ചലം )
b) ദീർഘം (ഹ്രസ്വം, സീർഘം, നീർഘം )

11.അർത്ഥവ്യത്യാസമെഴുതുക (1)

a) നിജം , നീചം (നിശ്ചയം, സന്തോഷം, ദുഃഖം, ഹീനമായത്)
b) ദൃഷ്ടൻ, ദുഷ്ടൻ (ക്രൂരൻ, കൈ, കാണപ്പെട്ടവൻ, നിറം)

12.എതിർലിംഗം എഴുതുക (1)

a) ഭവാൻ (ഭഗവാൻ, ഭവതി, ഭഗവതി,)
b) ഇന്ദ്രൻ (ഇന്ദ്രൈ, ഇന്ദുമതി, ഇന്ദ്രാണി)

13.നാനാർത്ഥം എഴുതുക (2)

a) മാനം
b) മുദ്ര

## ഡി വിഭാഗം

14.ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. (5)

a).മാമ്പഴത്തിലൂടെ ഉൽക്കടമായ വേദനയുടെ മധുരം പകർന്നുതന്ന നമ്മുടെ പ്രിയങ്കരനായിത്തീർന്ന കവി ആര്?
(ഉള്ളൂർ, വൈലൊപ്പിള്ളി ശ്രീധരമേനോൻ, കുമാരനാശാൻ)

b).മാനവപുരോഗതിയുടെ ചിത്രം വ്യക്തമാക്കുന്ന കവിതയേത്?
(അമ്മത്തൊട്ടിൽ, പ്രിയദർശനം, അശ്വമേധം)

c). എത്ര തലമുറകളുടെ വൈകാരികമാറ്റമാണ് 'അമ്മയുടെ എഴുത്തുകൾ' എന്ന കവിതയിലുള്ളത്?
(നാല് തലമുറ, രണ്ട് തലമുറ, മൂന്ന് തലമുറ)

d). 'അവർ കണ്ണീരിൽ കലർത്തി പറഞ്ഞ കഥകൾ എന്നെ വികാരപരവശനാക്കി'. ആരെ?
(മകനെ, എസ്.കെ. പൊറ്റക്കാടിനെ, എം.ടിയെ)

e). 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ' ആരുടെ വാക്കുകളാണിത്?
(ദിവാകരന്റെ, നളിനിയുടെ, ലീലയുടെ)

f).അമ്മത്തൊട്ടിൽ എന്ന കവിത എഴുതിയത് ആര്?
(ഒ.എൻ.വി , റഫീക്ക് അഹമ്മദ്, വള്ളത്തോൾ)

g). 'അക്കർമാശി' എന്ന പദത്തിന്റെ അർത്ഥം എന്ത്?
(അർദ്ധജാതി, കാലം, സവർണ്ണൻ)

h).മോക്ഷാർത്ഥി ചെയ്യേണ്ടത് എന്ത്?
(കോപം അടക്കണം, ധനം നേടണം, കലാകാരനാകണം)

i). 'അപരിചിതരുടെ സംഭാഷണം ഒരു കൊലക്കയറിനെ പോലെ കഴുത്തിൽ ചുറ്റിമുറുകി' ആരുടെ?
(വെള്ളായിയപ്പന്റെ, പാറാവുകാരന്റെ, കണ്ടുണ്ണിയുടെ)

j). ''ഞാൻ എനിക്കുവേണ്ടി മരിച്ചവരുടെ ഒപ്പമെത്താൻ വെമ്പുകയാണ്'' ...ആരുടേതാണീ വാക്കുകൾ?
(കൗരവരുടെ, ദുര്യോധനൻ, അശ്വത്ഥാമാവിന്റെ)

## 15.ഉത്തരമെഴുതുക.

a).ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്താൻ ശ്രീരാമൻ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്മണനോട് പറയുന്നത്? (4)

b).എസ്.കെ പൊറ്റേക്കാട് കഥാകാരനായതെങ്ങനെ? (4)

c).അമ്മത്തൊട്ടിൽ എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക. (4)

d). ''വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ചു വൃക്ഷമായത് മാവുതന്നെയാണ്''. ഈ പ്രസ്താവനയെ ലേഖകൻ സമർത്ഥിക്കുന്നതെങ്ങനെ? (4)

e). മനുഷ്യന്റെ സർഗ്ഗശേഷി വിജയം നേടിയ ചരിത്രമുഹൂർത്തങ്ങളെ അശ്വമേധം എന്ന കവിതയിൽ കവി പരാമർശിക്കുന്നതെങ്ങനെ (4)

f). ''അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ''.
അവനവനാത്മ സുഖത്തിനാചരിക്കുന്നവ
യപരനു സുഖത്തിനായി വരേണം''
കാവ്യഭാഗങ്ങളിലെ ജീവിതവീക്ഷണം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (4)

## 16.ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (8)

a) ചട്ടമ്പിസ്വാമികളുടെ ജീവിതസന്ദേശം എന്തായിരുന്നു?
b) കേരളീയ നവോത്ഥാനത്തിൽ ചട്ടമ്പിസ്വാമികൾ വഹിച്ച പങ്കിനെപ്പറ്റി വിവരിക്കുക.
c) വിജ്ഞാനദാഹിയായ വിപ്ലവകാരി എന്ന് ചട്ടമ്പിസ്വാമികളെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

**********************